**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 81** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കുടിവെള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിജിൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u> സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ജൽ ജീവൻ മിഷൻ, അമൃത്, നബാർഡ്, RKI, കിഫ്ബി, സംസ്ഥാന പദ്ധതി തുടങ്ങി വിവിധ ഹെഡ്ഡുകളിൽപ്പെടുത്തി പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.**

- **<u>ജൽ ജീവൻ മിഷൻ</u>**

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ₹44,714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. വിവിധ സ്കീമുകളിലായി 5,546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പദ്ധതിയിൽ 3,458 പ്രവർത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1,490 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

- **<u>അമൃത്</u>**

കേരളത്തിലെ നഗരമേഖലയിൽ എല്ലാവർക്കും പൈപ്പിലൂടെ കുടിവെള്ള വിതരണം ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള കേന്ദ്ര-സംസ്ഥാന സംയുക്ത നഗര വികസന പദ്ധതിയായ അമൃത്, അമൃത് 1.0, അമൃത് 2.0 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു.

അമൃത് 1-ൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് ₹1,376.62 കോടി രൂപയുടെ 206 കുടിവെള്ള വിതരണ പദ്ധതികൾക്ക് അനുമതിയായതിൽ ലഭിച്ചതിൽ 199 കുടിവെള്ള വിതരണ പദ്ധതികളും പൂർത്തീകരിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. അമൃത് 1.0 പദ്ധതിയിലൂടെ ജലശുദ്ധീകരണശാലകളുടെ ശേഷി 265 MLD വർദ്ധിക്കുകയും പുതിയ 85,000 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. ഈ പദ്ധതിയിൽ കുടിവെള്ള വിതരണ പദ്ധതികൾക്കായി ആകെ ചെലവായ തുക ₹1,281.29 കോടി രൂപയാണ്.

അമൃത് 2.0 പദ്ധതിയിൽ കേരളത്തിലെ 93 നഗരങ്ങളെയും (6 കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും) ഉൾപ്പെടുത്തി കുടിവെള്ള വിതരണം ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. ഇതിൻ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ₹2,217.21 കോടി രൂപയുടെ 222 കുടിവെള്ള വിതരണ പദ്ധതികൾക്കാണ് അനുമതി ലഭ്യമായത്. ഈ പ്രവൃത്തികൾ 402 പാക്കേജുകളായി വിഭജിച്ചിട്ടുള്ളതിൽ 151 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. അമൃത് 2.0 പ്രകാരം ആകെ 4.35 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാൻ ലക്ഷ്യമിടുന്നു. കൂടാതെ ജലശുദ്ധീകരണശാലകളുടെ ശേഷി 107 MLD വർധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ കുടിവെള്ള വിതരണ പദ്ധതികൾക്കായി ആകെ ചെലവായ തുക ₹640.12 കോടി രൂപയാണ്.

- **<u>റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)</u>**

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന സംസ്ഥാനതല പദ്ധതിയിലൂടെ കുടിവെള്ള പദ്ധതികളുടെ വികസനത്തിനായി ₹231 കോടി രൂപയുടെ 12 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഇതിനായി ഇതുവരെ ₹157 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

- **<u>കിഫ്ബി</u>**

വിവിധ നഗര-ഗ്രാമ പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി കിഫ്ബി ധനസഹായത്തോടെ ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിലൂടെ കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങളിലെ നിലവിലുള്ള ജലശുദ്ധീകരണ, വിതരണ ശൃംഖല ഘടകങ്ങളുടെ പുതുക്കിപ്പണിയലും നവീകരണവും, അതോടൊപ്പം പുതിയ പ്ലാന്റുകളും അനുബന്ധ യൂണിറ്റുകളും സ്ഥാപിക്കുന്നതും വിവിധ പാക്കേജുകളിലായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 78 പദ്ധതികൾക്ക് ₹5,502.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ ₹5,071.895 കോടി രൂപയുടെ 67 കുടിവെള്ള പദ്ധതികളും ₹430.233 കോടി രൂപയുടെ 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികളും ഉൾപ്പെടുന്നു.

ഇതിൽ ₹1,260.542 കോടി രൂപയുടെ 33 കുടിവെള്ള പദ്ധതികളും ₹160.39 കോടി രൂപയുടെ 5 പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും പൂർത്തീകരിച്ചും ഈ പദ്ധതികൾ വഴി 278 MLD ശുദ്ധജലം അധികമായി ഉൽപ്പാദിപ്പിച്ച് 37.4 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം നൽകി.

നിലവിൽ ₹3,436.241 കോടി രൂപയുടെ 30 കുടിവെള്ള പദ്ധതികളും ₹269.843 കോടി രൂപയുടെ 6 പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും പുരോഗമിച്ചുവരുന്നു.

- **<u>സംസ്ഥാന പദ്ധതി</u>**

മുൻ സർക്കാരിന്റെ കാലയളവിൽ (2021–2026) സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ₹878.73 കോടി രൂപയ്ക്ക് 1,946 പ്രവർത്തികൾക്ക് ഭരണാനുമതി നൽകി. ഇതിൽ നാളിതുവരെ ₹248.58 കോടി രൂപയുള്ള 947 പ്രവർത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.

- **<u>നബാർഡ്</u>**

മുൻ സർക്കാരിന്റെ കാലയളവിൽ (2021–2026) നബാർഡ് പദ്ധതിയിൽ ₹150.5 കോടി രൂപയ്ക്ക് 4 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ നാളിതുവരെ ₹85.2 കോടി രൂപയുള്ള 3 പദ്ധതികൾ പൂർത്തീകരിച്ചു. ഒരു പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

- **<u>ADB സഹായത്തോടെയുള്ള കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)</u>**

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (ADB) സഹായത്തോടെ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ 24x7 ജലവിതരണം ഉറപ്പാക്കുന്നതിനായി ₹2,511 കോടി രൂപ ചെലവിൽ **കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)** നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും വിപുലീകരണവും സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലുവയിൽ 190 MLD ജലശുദ്ധീകരണശാലയുടെ നിർമാണത്തി നായുള്ള ₹523 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മരട്, ആലുവ ജലശുദ്ധീകരണശാലകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി വിശദമായ പദ്ധതി രേഖയും തയ്യാറാക്കി വരുന്നു.

**(ബി)** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** <u>ജൽ ജീവൻ മിഷൻ പദ്ധതി</u>

| Sl. No. | District | Work Packages | | | |
|---|---|---|---|---|---|
| | | Total | Completed | On going | Yet to start |
| | **Total** | **5546** | **3458** | **1490** | 598 |
| 1 | TVPM | 907 | 719 | 140 | 48 |
| 2 | KLM | 414 | 260 | 77 | 77 |
| 3 | PTA | 324 | 192 | 73 | 59 |
| 4 | KTM | 331 | 178 | 119 | 34 |
| 5 | ALP | 206 | 127 | 51 | 28 |
| 6 | IDK | 277 | 131 | 86 | 60 |
| 7 | EKM | 487 | 359 | 78 | 50 |
| 8 | TSR | 756 | 524 | 177 | 55 |
| 9 | PKD | 478 | 282 | 104 | 92 |
| 10 | MLPM | 487 | 252 | 186 | 49 |
| 11 | KKD | 370 | 180 | 168 | 22 |
| 12 | WYND | 75 | 28 | 37 | 10 |
| 13 | KNR | 266 | 154 | 106 | 6 |
| 14 | KSGD | 168 | 72 | 88 | 8 |

**<u>ജില്ലകളിലെ കണക്ഷൻ കവറേജ് മാറ്റം (ഏപ്രിൽ 2020 vs ജൂൺ 2026)</u>**

| **ജില്ലകൾ<br>% കവറേജ്** | **JJM ആരംഭിക്കുന്നതിനുമ്പ് – ഏപ്രിൽ 2020<br>(ജില്ലകളുടെഎണ്ണം)** | **നിലവിലെ സ്ഥിതി – (ജില്ലകളുടെ<br>എണ്ണം)** |
|---|---|---|
| 70%-നുകളിൽ | 0 | 1 |

| | | |
|---|---|---|
| | | (കൊല്ലം) |
| 50 - 70% | 0 | 6<br>(ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ) |
| 25 - 50% | 4<br>(എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, തിരുവനന്തപുരം) | 7 |
| 25%-ൽ താഴെ | 10 | 0 |
| **ആകെ** | **14** | **14** |

**(സി)** മുൻ സർക്കാരിന്റെ കാലയളവിൽ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭ്യമായ തുകയുടെ വിശദാംശങ്ങൾ വിവരിക്കുമോ;

**മറുപടി:** ജൽ ജീവൻ മിഷൻ പദ്ധതി

| **വർഷം** | **കേന്ദ്ര വിഹിതമായി ലഭ്യമായ തുക (കോടി രൂപയിൽ)** |
|---|---|
| 2019-20 | 101.29 |
| 2020-21 | 303.18 |
| 2021-22 | 1353.4 |
| 2022-23 | 2206.5 |
| 2023-24 | 671.18 |
| 2024-25 | 974.67 |
| 2025-26 | 0 |
| 2026-27 | 0 |
| **Total** | **5610.30** |

അമൃത്

അമൃത് 1.0 പദ്ധതിയിൽ കേന്ദ്രസഹായം 50% ആണ്. അമൃത് 2.0 പദ്ധതിയിൽ 1 ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള കോർപ്പറേഷനുകൾക്കും മുനിസിപ്പാലി റ്റികൾക്കും 33.33% കേന്ദ്രസഹായവും, 1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 50% വും ആണ് കേന്ദ്രസഹായമായി ലഭ്യമാകുന്നത്.

അമൃത് പദ്ധതിയുടെ ധനസഹായം ULB മുഖേനയാണ് നൽകുന്നത്. കേന്ദ്രവിഹിതമായി ലഭ്യമായ തുകയുടെ വിവരങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

**(ഡി)** മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന വിഹിതമായി എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ട്; പദ്ധതിക്കായി വായ്പ എടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

**മറുപടി:** ജൽ ജീവൻ മിഷൻ

| **വർഷം** | **സംസ്ഥാന വിഹിതം**<br>**(തുക കോടി രൂപയിൽ)** |
|---|---|
| 2019-20 | 101.29 |
| 2020-21 | 303.18 |
| 2021-22 | 1353.4 |
| 2022-23 | 1616.3 |
| 2023-24 | 1207.2 |
| 2024-25 | 1451.9 |
| 2025-26 | 3000 (നബാർഡ് ലോൺ) |
| 2026-27 | 4000 (നബാർഡ് ലോൺ) |

| | |
|---|---|
| Total | 13033.29 |

2024 നവംബർ മുതൽ സംസ്ഥാന വിഹിതം സമയബന്ധിതമായി നൽകിയിട്ടും ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടും കേന്ദ്രവിഹിതം ഇനിയും ലഭ്യമായിട്ടില്ല. ഈ സാഹചര്യം മറികടക്കാനും മിഷന്റെ പ്രവൃത്തി മുടങ്ങാതിരിക്കാനും കേരള സർക്കാർ മുൻകൂറായി ₹7,500 കോടി സംസ്ഥാന വിഹിതമായി നൽകി. ഇതിൽ 7,000 കോടി NABARD വായ്പയും ഉൾപ്പെടുന്നു. അതിന്റെ വിശദാംശങ്ങൾ **<u>അനുബന്ധം 2</u>** ആയി ചേർത്തിരിക്കുന്നു.

<u>അമൃത്</u>

അമൃത് 1.0 പദ്ധതിയിൽ സംസ്ഥാനവിഹിതം 30% ആണ്. അമൃത് 2.0 പദ്ധതിയിൽ 1 ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള കോർപ്പറേഷനുകൾക്ക് 33.33 % സംസ്ഥാനവിഹിതവും, അതേ ജനസംഖ്യാ വിഭാഗത്തിലുള്ള മുനിസിപ്പാലിറ്റികൾക്ക് 50% സംസ്ഥാനവിഹിതവും, 1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 37.5% സംസ്ഥാനവിഹിതവുമാണ് ലഭ്യമാകുന്നത്. അമൃത് പദ്ധതിയുടെ ധനസഹായം ULB മുഖേന നൽകുന്നതിനാൽ സംസ്ഥാന വിഹിതമായി ലഭ്യമായ തുകയുടെ വിവരങ്ങൾ **<u>അനുബന്ധം 3</u>** ആയി ചേർക്കുന്നു.

<u>ADB സഹായത്തോടെയുള്ള കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)</u>

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി GO (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ ലഭ്യമായിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. KUWSIP പേയ്മെന്റിനായി കേരള സർക്കാർ നാളിതുവരെ ₹132.68 കോടി രൂപ അനുവദിച്ചു. പദ്ധതിക്കായി KWA ₹115 കോടി രൂപ ചെലവഴിച്ചു. 97.31 കോടിരൂപയുടെ reimbursement ADB യിൽ നിന്നും ലഭിച്ചു.

**(ഇ)** പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** **<u>ജൽ ജീവൻ മിഷൻ</u>**

ഫണ്ടിന്റെ അപര്യാപ്തത മൂലം കരാറുകാരുടെ ബിൽ തുക കുടിശ്ശിക വന്നതിനാൽ പ്രവർത്തികൾ മന്ദഗതിയിലായിരുന്നു. ഈ സാഹചര്യം മറികടക്കാനും മിഷന്റെ പ്രവൃത്തി മുടങ്ങാതിരിക്കാനും വേണ്ടി കേരള സർക്കാർ 7000 കോടി രൂപ NABARDൽ നിന്നും വായ്പയെടുത്ത് മുൻകൂർ സംസ്ഥാനവിഹിതമായി നൽകി. കൂടാതെ വിവിധ തലങ്ങളിലെ ഇടപെടലുകളിലൂടെ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുവാനുള്ള അനുമതികൾ സമയബന്ധിതമായി കിട്ടുവാനുള്ള ശ്രമങ്ങളും നടത്തി വരുന്നു. കൂടാതെ മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്ന പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ക്രമീകരിച്ച് പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി പരമാവധി കണക്ഷനുകൾ നൽകി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതനുസരിച്ച് ഉയർന്ന മുൻഗണനാ പ്രവൃത്തികളായി 1165 പ്രവൃത്തികളെയും ഇടത്തരം മുൻഗണനാ പ്രവൃത്തികളായി 516 പ്രവൃത്തികളെയും കണ്ട് പ്രവർത്തികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം നടത്തുന്നതിനും വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പ്രവൃത്തികളുടെ നിരന്തര വിലയിരുത്തലുകളിലൂടെയും തടസ്സങ്ങൾ നീക്കി പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

<u>അമൃത്</u>

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി ഫീൽഡ് തല അവലോകന യോഗങ്ങൾ നടത്താറുണ്ട്. കൂടാതെ സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റ് മുഖേന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നിരന്തരം നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതികളുടെ ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനുമായി SLTC/ SHPSC യോഗങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിലും സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും കൃത്യമായി നടന്നുവരുന്നുണ്ട്.

**<u>ADB</u>** <u>സഹായത്തോടെയുള്ള കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u> **<u>(KUWSIP)</u>**

പ്രസ്തുത ADB പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു:

- എ.ഡി.ബി. ധനസഹായത്തോടെയുള്ള കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെ സമയബന്ധിത നിർവഹണം ഉറപ്പാക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU), പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ (PIU), എ.ഡി.ബി. മിഷൻ എന്നിവ ഏകോപിതമായി പ്രവർത്തിച്ചുവരുന്നു.
- പദ്ധതികളുടെ പുരോഗതി സ്ഥിരമായി അവലോകനം ചെയ്യുകയും. സാങ്കേതിക-ഭരണപരമായ നിർദ്ദേശങ്ങൾ നൽകുകയും, പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്തുവരുന്നു.
- പദ്ധതി പ്രവർത്തനങ്ങൾ നിശ്ചിത സമയക്രമത്തിൽ വിശദമായ പ്രവർത്തന കലണ്ടർ (Detailed Work Programme) തയ്യാറാക്കി ആഴ്ചതോറും/ മാസംതോറും പുരോഗതി വിലയിരുത്തി പിന്നാക്കം വരുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേക ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നു.
- ഭൂഗർഭ യൂട്ടിലിറ്റികൾ, റോഡ് കട്ടിംഗ് അനുമതികൾ, വൈദ്യുതി/ടെലികോം ലൈനുകളുടെ മാറ്റിസ്ഥാപനം ഉടങ്ങിയ തടസ്സങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തി അടിയന്തരമായി പരിഹരിക്കുന്നു.

- കരാറിലെ പ്രധാന പ്രകടന സൂചികകൾ (KPIs) കർശനമായി നിരീക്ഷിക്കുകയും ലക്ഷ്യങ്ങൾ കൈവരിക്കാത്ത സാഹചര്യങ്ങളിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
- റിസ്ക് അനാലിസിസ് നടത്തി പ്രവർത്തനങ്ങളെ ബാധിക്കാവുന്ന സാങ്കേതിക, സാമ്പത്തിക, സാമൂഹിക, കാലാവസ്ഥാ സംബന്ധമായ അപകടസാധ്യതകൾ തിരിച്ചറിഞ്ഞ് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നു.
- ആവശ്യമായ പരിശീലനങ്ങളിലൂടെ KWA ഉദ്യോഗസ്ഥരുടെയും ഫീൽഡ് സ്റ്റാഫിന്റെയും കരാർ മാനേജ്മെന്റ്, പ്രോജക്ട് മാനേജ്മെന്റ് ശേഷി ശക്തിപ്പെടുത്തുന്നു.
- ADB, സംസ്ഥാന സർക്കാർ, കേരള വാട്ടർ അതോറിറ്റി എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിർണ്ണായക വിഷയങ്ങളിൽ സമയബന്ധിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് പദ്ധതിയുടെ നിർവഹണം ത്വരി തപ്പെടുത്തുന്നു.

മുകളിൽ സൂചിപ്പിച്ച നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ പദ്ധതി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം 1</u>**

**അമൃത് പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

**(തുക കോടിയിൽ)**

| സാമ്പത്തിക വർഷം | അമൃത് 1.0 | അമൃത് 2.0 |
|---|---|---|
| 2015-16 | 57.6 | |
| 2016-17 | 77.28 | |
| 2017-18 | 97.36 | |
| 2019-20 | 194.74 | |
| 2020-21 | 199.63 | |
| 2021-22 | 199.63 | |
| 2022-23 | | 148.7381 |
| 2023-24 | 119.6196 | |
| 2024-25 | 207.225 | 56.7004 |
| 2025-26 | | 125.00 |
| 2026-27 | | 20.00 |
| 2026-27 | | 30.00 |
| **ആകെ** | **1153.0846** | **380.4385** |

അനുബന്ധം –2

## NABARD – വായ്പ – വിശദാംശങ്ങൾ

- JJM പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ നടപ്പാക്കപ്പെടുന്നതാണ്. പദ്ധതിയിൽ സൃഷ്ടിക്കുന്ന എല്ലാ ആസ്തികളും പൂർത്തിയായ ശേഷം പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്.

- 15-03-2026 ലെ GO. (Ms) No.91/2026/LSGD പ്രകാരം ജൽ ജീവൻ മിഷൻ (JJM) പദ്ധതികളിലെ ആസ്തികളുടെ ഉടമസ്ഥത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ സേവന നിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന പൂർത്തിയായ ആസ്തികളുടെ പ്രവർത്തനവും പരിപാലനവും കേരള വാട്ടർ അതോറിറ്റിയാണ് നിർവഹിക്കേണ്ടത് എന്ന വ്യവസ്ഥയോടെയാണ് ഇത്.

- കേരള വാട്ടർ അതോറിറ്റി ഒരു നടപ്പാക്കൽ ഏജൻസി മാത്രമാണ്: ഫണ്ട് സമാഹരിക്കൽ സംസ്ഥാന സർക്കാരാണ് നടത്തുന്നത്.

- പദ്ധതി നേരിട്ട പ്രധാന വെല്ലുവിളി സംസ്ഥാനത്തിന്റെ പൊരുത്തപ്പെടുന്ന വിഹിതം സമാഹരിക്കുന്നതിലെ ബുദ്ധിമുട്ടായിരുന്നു. ഈ ധനക്ഷാമം പരിഹരിക്കാൻ KWA-യോട് വായ്പ എടുക്കാൻ നിർദ്ദേശിച്ചു

- ആദ്യം വേൾഡ് ബാങ്ക് വായ്പ പരിഗണിച്ചെങ്കിലും അത് യാഥാർഥ്യമായില്ല. തുടർന്ന് ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ തേടി

- 12,000 കോടി വായ്പയ്ക്കായി NABARD-ഉം HUDCO-യും നൽകിയ വായ്പാ വ്യവസ്ഥകൾ KWA വിശദമായി താരതമ്യം ചെയ്തു. കുറഞ്ഞ പലിശനിരക്ക്, കൂടുതൽ അനുയോജ്യമായ തിരിച്ചടവ് ചക്രം കുറവ് ശിക്ഷാനിബന്ധനകൾ എന്നിവ കാരണം NABARD-ന്റെ നിർദ്ദേശം കൂടുതൽ അനുകൂലമാണെന്ന് കണ്ടെത്തി. പദ്ധതിക്ക് ഫണ്ട് നൽകാനുള്ള പ്രധാന ഉത്തരവാദിത്വം സർക്കാരിനായിരുന്നുവെങ്കിലും, ഫണ്ട് ലഭിക്കുന്നതിലെ താമസം കാരണം ജൽ

ജീവൻ മിഷന്റെ സംസ്ഥാനവിഹിതം കണ്ടെത്തുന്നതിനായി വായ്പ എടുക്കാൻ KWA നിർദ്ദേശം സമർപ്പിച്ചു.

- o 15.09.2025- ലെ G.O.(Ms) No.67/2025/WRD പ്രകാരം JJM സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി NABARD- ൽ നിന്ന് ആകെ 9,000 കോടി വായ്പ എടുക്കാൻ KWA യ്ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകി

- o വായ്പാനുമതിയുടെ വ്യവസ്ഥകൾ ചുവടെപ്പറയുന്നതായിരുന്നു:

- NABARD-ൽ നിന്ന് ആകെ ₹9.000 കോടി വായ്പയ്ക്ക് തത്വത്തിൽ അനുമതി

- ആദ്യ ഘട്ടത്തിൽ 5,000 കോടി വായ്പ എടുക്കാൻ KWA യ്ക്ക് അനുമതി.

- ആദ്യ ₹5,000 കോടി വായ്പയ്ക്കായി സംസ്ഥാന സർക്കാരിൻ്റെ ഗ്യാരണ്ടി നൽകുക. എന്നാൽ KWA സർക്കാരിന് നൽകാനുള്ള എല്ലാ ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശികയും തീർക്കണമെന്ന വ്യവസ്ഥ ഇതിനോടൊപ്പം ഉണ്ടായിരുന്നു.

- KWA യ്ക്ക് തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുന്നതിൽ കുറവ് വന്നാൽ സർക്കാർ പലിശരഹിത ബ്രിഡ്ജ് വായ്പ നൽകുമെന്ന ഔദ്യോഗിക ഉറപ്പും നൽകി

- 04.11.2025 തീയതിയിലുള്ള NB(Kerala)/PFD/110916/NIDA-288/2025-26 നമ്പർ അനുമതിപത്ര പ്രകാരം NABARD 5,000 കോടി കാലാവധി വായ്പ അനുവദിച്ചു. 2 വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 20 വർഷ കാലാവധിയുള്ള ഈ വായ്പയ്ക്ക് 7.95% പലിശനിരക്കാണ് അനുവദിച്ചത്.

- അനുമതിയുടെ വ്യവസ്ഥപ്രകാരം NABARD ആവശ്യപ്പെട്ട പ്രധാന സുരക്ഷ "വായ്പത്തുകയും പലിശയും 100% വരെ ഉൾക്കൊള്ളുന്ന കേരള സർക്കാരിൻ്റെ നിബന്ധനകളില്ലാത്തതും പിൻവലിക്കാനാവാത്തതുമായ സർക്കാർ ഗ്യാരണ്ടിയും, KWA യുടെ തിരിച്ചടവിൽ കുറവ് സംഭവിച്ചാൽ മുഖ്യതുകയും പലിശയും NABARD-ന് അടയ്ക്കുന്നതിനായി കേരള സർക്കാർ KWA യ്ക്ക് പലിശരഹിത വായ്പയായി ബജറ്റ് പിന്തുണ നൽകുന്നതുമാണ്."

- ജനുവരി 6-ന് NABARD ₹5,000 കോടി മുഴുവൻ KWA യുടെ ട്രഷറി അക്കൗണ്ടിലേക്ക് വിട്ടുനൽകി. ഈ തുക കേന്ദ്രസർക്കാർ സംസ്ഥാന വിഹിതമായി അംഗീകരിക്കുന്നതിനായി 06-01-2026-ലെ C3/516/2025/WRD നമ്പർ കത്തിലൂടെ

ഈ തുക 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കാൻ സർക്കാർ KWA യോട് നിർദ്ദേശിച്ചു. തുടർന്ന് ജൽ ജീവൻ മിഷൻ്റെ സംസ്ഥാനവിഹിതമായി അതേ തുക KWA യ്ക്ക് തിരികെ നൽകാനായിരുന്നു ഉദ്ദേശിച്ചത്. KWA നിക്ഷേപിച്ച മുഴുവൻ തുകയും സർക്കാർ തിരികെ വിട്ടുനൽകി.

- സർക്കാരിൻ്റെ നിർദ്ദേശങ്ങളും പദ്ധതിയുടെ ഭാവി ആവശ്യങ്ങളും പരിഗണിച്ച് ₹4,000 കോടി അധിക വായ്പയ്ക്കായി KWA 30.01.2026-ന് നിർദ്ദേശം സമർപ്പിച്ചു. അതനുസരിച്ച് 14.03.2026-ലെ GO (Ms) No. 31/2026/WRD പ്രകാരം സർക്കാർ അനുമതി നൽകി. തുടർന്ന് KWA ഔപചാരിക അപേക്ഷ സമർപ്പിച്ചതിനെ അടിസ്ഥാനമാക്കി, 26.03.2026-ലെ NB(Kerala)/PFD/181926/NIDA-289/2025-26 അനുമതിപത്ര പ്രകാരം മുമ്പത്തെ വായ്പയിലേതുപോലെയുള്ള വ്യവസ്ഥകളിൽ NABARD ₹4,000 കോടി കൂടി കാലാവധി വായ്പ അനുവദിച്ചു.
- ഏപ്രിൽ 6-ന് NABARD ₹2,000 കോടി വായ്പയുടെ ആദ്യ ഗഡു വിട്ടുനൽകി; അത് 2026 ഏപ്രിൽ 10-ന് KWA യുടെ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. മുൻപ് ചെയ്തതുപോലെ തന്നെ ഈ തുകയും സർക്കാർ ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുകയും, മുഴുവൻ തുകയും KWA യ്ക്ക് തിരിച്ചുവിടുകയും ചെയ്തു.
- വായ്പ അനുവദിച്ച ഉത്തരവിലും NABARD-ന് നൽകിയ ഉറപ്പുകളിലും പറഞ്ഞതുപോലെ, തിരിച്ചടവ് ബാധ്യതകളിൽ കുറവ് ഉണ്ടായാൽ സർക്കാർ പലിശരഹിത ബ്രിഡ്ജ് വായ്പയായി പിന്തുണ നൽകും. നിലവിലെ കുടിശ്ശിക വായ്പയും നിലവിലുള്ള പലിശനിരക്കുകളും അടിസ്ഥാനമാക്കി ഈ സാമ്പത്തിക വർഷത്തേക്കുള്ള ആകെ വായ്പ തിരിച്ചടവ് ₹556.50 കോടിയായി കണക്കാക്കുന്നു. മുൻ സാമ്പത്തിക വർഷത്തിൽ NIDA വായ്പ സർവീസ് ചെയ്യുന്നതിനുള്ള ആവശ്യമായ തുക 6215-01-190-97 (01) Loans to Kerala Water Authority for Servicing NIDA Loan (JJM State Share) - Interest Payment (Plan Voted) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലൂടെ വിട്ടുനൽകിയിരുന്നു.
- KWA ഇപ്പോൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ആഭ്യന്തര വരുമാനം പ്രവർത്തനച്ചെലവും ശമ്പളച്ചെലവും നിറവേറ്റാൻ മാത്രമേ മതിയാകുന്നുള്ളൂ. അതിനാൽ ഈ കടം സർവീസ് ചെയ്യുന്നതിനായി സ്വന്തം ഫണ്ടിൽ നിന്ന് ₹556.50 കോടി അധികമായി കണ്ടെത്താൻ KWA യ്ക്ക് സാധ്യമല്ല. അതുകൊണ്ട് വായ്പ തിരിച്ചടവ് മുടങ്ങാതെ നടക്കാൻ ആവശ്യമായ ₹556.50 കോടി മേൽപ്പറഞ്ഞ ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് 06.05.2026 -ലെ കത്തിലൂടെ KWA സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. 2026-27-ലെ ആദ്യ പാദത്തിനായി മാത്രം വായ്പാ ബാധ്യതകൾ നിറവേറ്റാൻ ₹136.57 കോടി ആവശ്യമാണ്. ജൂൺ 2026-ൽ അവസാനിക്കുന്ന പാദത്തേക്കുള്ള ഇതിനകം വിട്ടുനൽകിയ തുകയിലെ പലിശ 01.07.2026-ന് അടയ്ക്കേണ്ടതുണ്ടെന്ന് NABARD ഇതിനകം KWA യെ അറിയിച്ചിട്ടുണ്ട്.

**<u>അനുബന്ധം 3</u>**

**അമൃത് പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു**

**(തുക കോടിയിൽ)**

| സാമ്പത്തിക വർഷം | അമൃത് 1.0 | അമൃത് 2.0 |
|---|---|---|
| 2015-16 | 57.6 | |
| 2016-17 | 77.28 | |
| 2017-18 | 97.36 | |
| 2019-20 | 194.74 | |
| 2020-21 | 199.63 | |
| 2021-22 | 199.63 | |
| 2022-23 | | 235.29688 |
| 2023-24 | 119.6196 | |
| 2024-25 | 207.225 | 76.7376 |
| 2025-26 | | 150.00 |
| 2026-27 | | 40.00 |
| 2026-27 | | 30.00 |
| ആകെ | 1153.0846 | 532.03448 |